(എ) സുഗന്ധഗിരി പ്രോജക്ടിനു കീഴിലുള്ള ഭൂമി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സുഗന്ധഗിരിയിലെ ഭൂമി വിതരണത്തിന്റെ പ്രഖ്യാപനം നടന്ന് വളരെക്കാലം കഴിഞ്ഞിട്ടും ഭൂമി അനുവദിച്ചിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ഭൂമി വിതരണം ചെയ്യാനുള്ള കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) സുഗന്ധഗിരി പ്രോജക്ടിനു കീഴിൽ വളരെക്കാലമായി പണിയെടുക്കുന്ന വരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക പട്ടികവർഗ്ഗ സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) സുഗന്ധഗിരി പ്രോജക്ടിനു കീഴിലുള്ള ഭൂമി പട്ടികവിഭാഗക്കാർക്കായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് അർഹരായ 383 കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും ഇതിൽ 310 പേർക്ക് ഇതിനകം 5 ഏക്കർ വീതം ഭൂമിയുടെ കൈവശാവകാശരേഖ നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിനുള്ളിൽതന്നെ താമസിക്കുന്ന പ്രോജക്ടിലെ തൊഴിലാളികളായ 40 പട്ടികവർഗ്ഗ കുടുംബങ്ങളെക്കൂടി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്നുകണ്ട് ഇപ്രകാരമുള്ള 40 പേരുടെ ലിസ്റ്റ് കൂടി തയ്യാറാക്കിയിട്ടുണ്ട്. ഇവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഇനിയും പ്രോജക്ട് ഭൂമിയിൽ തന്നെ താമസിക്കുന്ന കുറെക്കൂടി പട്ടിക വർഗ്ഗക്കാരുള്ളതായി മനസിലാക്കി അവരുടെ ലിസ്റ്റ് തയ്യാറാക്കിവരികയാണ്.

(ബി) ഉണ്ട്.

(സി) അർഹത സംബന്ധിച്ച് ശരിയായ രേഖകൾ ഇനിയും സമർപ്പിക്കാത്തതു കൊണ്ടും നറുക്കെടുപ്പ് വഴി ലഭിച്ച പ്ലോട്ടുകൾ കൃഷിയോഗ്യമല്ലെന്ന് പരാതിപ്പെട്ടതിനാലും ചില ഭൂമികൾ സംബന്ധിച്ച തർക്കങ്ങൾ ഉള്ളതിനാലുമാണ് ഭൂമി വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നത്.

(ഡി) പ്രോജക്ട് പിരിച്ചുവിടുകയും ഭൂമി ഏറെക്കുറെ വിതരണം ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ തൊഴിൽസംരക്ഷിച്ചുകൊണ്ട് ഭൂമി വിതരണം ചെയ്യാൻ കഴിയില്ല.

ആശുപത്രികൾക്കുള്ള ഔഷധ വിതരണം കാര്യക്ഷമമാക്കാൻ നടപടി

14 [*281] ശ്രീ: എം. എ. ചന്ദ്രശേഖരൻ :

,, പ്രൊഫ. എ. ഡി. മുസ്തഫ :

,, കെ. എ. ചന്ദ്രൻ :

,, എ. സുജനപാൽ :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മറ്റ് സ്പെഷ്യലൈസ്ഡ് ആശുപത്രികൾ എന്നിവിടങ്ങളിൽ മരുന്നിന്റെയും മറ്റ് അവശ്യം വേണ്ട സാധനങ്ങളുടെയും രൂക്ഷമായ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രികളിൽ ഒരു വർഷത്തേക്ക് എന്ത് തുകയ്ക്കുള്ള മരുന്ന് ആവശ്യമുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ എന്ത് തുകയ്ക്കുള്ള മരുന്നാണ് ഈ ആശുപത്രികൾക്ക് അനുവദിക്കുന്നത്;

(ഡി) ഈ ആശുപത്രികൾക്കനുവദിക്കുന്ന മരുന്നുകൾ മോഷണം പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഈ ഹോസ്പിറ്റലുകളിൽ ഇത് സംബന്ധിച്ച എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ;

(ഇ) ഈ ആശുപത്രികളിൽ കൂടുതൽ തുകയ്ക്കുള്ള മരുന്നുകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചില സമയങ്ങളിൽ ചില മരുന്നുകളുടെ ദൗർലഭ്യം നേരിടാറുണ്ട്. മറ്റ് അവശ്യം വേണ്ട സാധനങ്ങളുടെ ദൗർലഭ്യം അനുഭവപ്പെട്ടിട്ടില്ല. എന്നാൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ഡിസ്പെൻസറികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മരുന്നുകൾക്ക് ദൗർലഭ്യം ഇല്ല. ജില്ലാ മെഡിക്കൽ സ്റ്റോറുകൾ വഴി എല്ലാ മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഏകദേശം 35 കോടി രൂപയുടെയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ 60 കോടിയോളം രൂപയ്ക്കുള്ള മരുന്നും ആവശ്യമായി വരുന്നുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ ഏകദേശം 30 കോടി രൂപയ്ക്കുള്ള മരുന്ന് വാങ്ങാറുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിലും മറ്റും ഈ വർഷം ജനുവരിയിൽ 47 കോടി രൂപയ്ക്കുള്ള മരുന്നു വാങ്ങി നൽകിയിട്ടുണ്ട്. മാർച്ച് അവസാനം ആകുമ്പോൾ ഇത് 60 കോടിയോള മാകുന്നതാണ്.

(ഡി) ഈ ആശുപത്രികൾക്ക് അനുവദിക്കുന്ന മരുന്നുകൾ മോഷണം പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലേയ്ക്കും വേണ്ട മരുന്നുകൾ പ്രസ്തുത സ്ഥാപനങ്ങളിലെ വാർഷിക ഇന്റന്റ് പ്രകാരം വാങ്ങി നൽകിവരുന്നു. സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ചുള്ള മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽനിന്നും നൽകിവരുന്നുണ്ട്. കൂടുതൽ തുകയ്ക്കുള്ള മരുന്നുകൾ ആവശ്യമെങ്കിൽ വാങ്ങി നൽകുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഓരോ വർഷവും അധിക തുക ലഭ്യമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly